**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4527** **29-10-2021 - ൽ മറുപടിയ്ക്ക്**

**മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിനായി അടിസ്ഥാന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിനായി ശബരിമലയിൽ എത്തുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (എ) | 2021-22 ലെ മണ്ഡല-മകരവിളക്ക് മഹോത്സവ കാലത്തെ തീർത്ഥാടനം എല്ലാവിധ കോവിഡ് മാനദണ്ഡവും പാലിച്ച് നടത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ട്. തീർത്ഥാടകർക്ക് കുടിവെള്ള വിതരണത്തിനായി സ്റ്റീൽ കുപ്പി നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ആർ.ടി.പിസി.ആർ ടെസ്റ്റ് ചെയ്യുന്നതിനായി നിലയ്ക്കലിൽ ലാബ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലും തീർത്ഥാടകർ എത്തിച്ചേരുന്ന അനുബന്ധ തീർത്ഥാടന കേന്ദ്രങ്ങളിലും തീർത്ഥാടകർക്ക് ഭക്ഷണം, കുടിവെള്ളം ,ടോയലെറ്റ് തുടങ്ങിയ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരികയാണ്. തീർത്ഥാടനത്തിന്റെ ഭാഗമായി പമ്പ, സന്നിധാനം, നിലയ്ക്കൽ എന്നിവിടങ്ങളിൽ സേവനം ലഭ്യമാക്കുന്ന പോലീസ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലേയും ഉദ്യോഗസ്ഥർക്കും ദിവസ വേതന ജീവനക്കാർക്കും പരാതിക്കിടവരാത്ത രീതിയിൽ താമസസൗകര്യം ഒരുക്കിയിട്ടുണ്ട്. |
| (ബി) | കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന ബോർഡിന് പ്രസ്തുത ആവശ്യത്തിനായി എന്തെങ്കിലും സർക്കാർ സഹായം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | കോവിഡ്-19 പ്രതിസന്ധിയെ തുടർന്ന് സംസ്ഥാന സർക്കാർ നാളിതുവരെ ആകെ 131 .6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ